**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4219** **28-06-2024 - ൽ മറുപടിയ്ക്ക്**

**പെർമിറ്റിനു വിരുദ്ധമായി രൂപമാറ്റം വരുത്തിയ കോമേഴ്സ്യൽ കെട്ടിടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ കൊമേഴ്സ്യൽ കെട്ടിടങ്ങൾ പെർമിറ്റിന് വിരുദ്ധമായി രൂപമാറ്റം വരുത്തി പൂർത്തിയാക്കിയത് ക്രമവത്കരിക്കപ്പെടാതെ ടി കെട്ടിടങ്ങളിൽ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപനങ്ങൾക്കും അനധികൃത കെട്ടിടങ്ങൾക്കും എതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) | കൊമേഴ്സ്യൽ കെട്ടിടങ്ങൾ പെർമിറ്റിന് വിരുദ്ധമായി രൂപമാറ്റം വരുത്തി ക്രമവത്ക്കരിക്കപെടാത്ത കെട്ടിടങ്ങളിൽ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടില്ല. കോമേഴ്സ്യൽ കെട്ടിടങ്ങൾ പെർമിറ്റിന് വിരുദ്ധമായി രൂപമാറ്റം വരുത്തി പൂർത്തിയാക്കിയത് ക്രമവത്കരിക്കപ്പെടാതെ ടി കെട്ടിടങ്ങളിൽ വ്യാപാര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെടുന്ന സാഹചര്യത്തിൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട,വകുപ്പ് 235W, 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ്, 406 പ്രകാരവും നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകുന്നതാണ്. |
| (ബി) | സംസ്ഥാനത്ത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കീഴിൽ രൂപമാറ്റം വരുത്തി കെട്ടിട നമ്പർ ലഭിക്കാത്ത കെട്ടിടങ്ങളിൽ വ്യാപാര സ്ഥാപനങ്ങൾ നടത്തുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ലൈസൻസ് നൽകുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരത്തിൽ നടത്തിവരുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | കെട്ടിടനമ്പർ ലഭിക്കാത്ത കെട്ടിടങ്ങളിൽ വ്യാപാരസ്ഥാപനങ്ങൾ നടത്തുവാൻ തദ്ദേശസ്ഥാപനങ്ങളിൽ നിന്ന് ലൈസൻസ് അനുവദിക്കാറില്ല. 1994 - ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232 എഎ(5), കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 242(5) എന്നിവ പ്രകാരം (3)-ാം ഉപവകുപ്പിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം പ്രത്യേക നമ്പർ നൽകപ്പെട്ടതും കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 235 W, കേരള മുനിസിപ്പാലിറ്റി ആക്ട് വകുപ്പ് 406 എന്നീ വകുപ്പുകൾ പ്രകാരമുള്ള നടപടിയ്ക്ക് വിധേയമാക്കേണ്ടതുമായ കെട്ടിടങ്ങൾ കച്ചവടത്തിനായോ മറ്റേതെങ്കിലും ആവശ്യത്തിനായോ ഉപയോഗപ്പെടുത്തുന്നതിന് ഗ്രാമപഞ്ചായത്ത്/മുനിസിപ്പാലിറ്റി അനുമതിയോ ലൈസൻസോ നൽകാൻ പാടില്ലാത്തതും അപ്രകാരം ഗ്രാമപഞ്ചായത്ത് ഏതെങ്കിലും അനുമതിയോ ലൈസൻസോ നൽകിയിട്ടുണ്ടെങ്കിൽ കെട്ടിട ഉടമയ്ക്കും ലൈസൻസിക്കും നോട്ടീസ് നൽകി അത് |

| | | | |
|---|---|---|---|
| | | | പുന:പരിശോധിക്കേണ്ടതും റദ്ദ് ചെയ്യേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ